**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2179** **30-07-2021 - ൽ മറുപടിയ്ക്ക്**

**ദേവികുളം മണ്ഡലത്തിലെ വന്യമൃഗ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ദേവികുളം മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | ദേവികുളം നിയോജക മണ്ഡലത്തിൽ മൂന്നാർ, മറയൂർ, മാങ്കുളം, മൂന്നാർ വൈൽഡ് ലൈഫ് എന്നീ 4 വനം ഡിവിഷനുകളാണ് നിലവിലുള്ളത്. ഈ 4 വനം ഡിവിഷനുകളിലും സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. 1. മൂന്നാർ ഡിവിഷൻ:- 39.17 കി.മീറ്റർ സൗരോർജ്ജവേലിയും 9.25 കി.മീറ്റർ കിടങ്ങും പ്രശ്നബാധിത മേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാണ്. വന്യജീവികളുടെ സഞ്ചാരപാത അറിയുന്നതിനും അവയെ കാട്ടിലേക്ക് തുരത്തി ഓടിക്കുന്നതിനും കാട്ടാനയുടെ ശല്യം കൂടുതലായി അനുഭവപ്പെടുന്ന ദേവികുളം, ചിന്നക്കനാൽ, ബോഡിമെട്ട് എന്നീ മേഖലകളിൽ സ്ഥിരമായി വാച്ചർമാരെ നിയോഗിച്ചു വരുന്നുണ്ട്. ആനകളുടെ സാന്നിദ്ധ്യം പൊതുജനങ്ങളെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലർട്ട് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ആനകൾ ജനവാസ മേഖലയിൽ ഇറങ്ങുമ്പോൾ അവയെ തുരത്തുവാനായി റാപ്പിഡ് റെസ്പോൺസ് ടീമിൻറെ സേവനം ഉപയോഗിച്ചു വരുന്നുണ്ട്. മൂന്നാർ ഡിവിഷനിലെ വിവിധ റെയിഞ്ചുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം മൂലമുണ്ടായ മരണം, വിളനാശം, കന്നുകാലികളുടെ ജീവഹാനി എന്നിവയ്ക്ക് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 191 അപേക്ഷകൾ ലഭിക്കുകയും നഷ്ടപരിഹാരമായി 67,82,599/- രൂപ അനുവദിച്ചിട്ടുള്ളതുമാണ്. 2. മറയൂർ ഡിവിഷൻ:- മറയൂർ ചന്ദന ഡിവിഷനിൽ മനുഷ്യ-വന്യമൃഗസംഘർഷം ലഘൂകരിക്കുന്നതിനായി 21.40 കിലോമീറ്റർ സൗരോർജ വൈദ്യുത വേലി സ്ഥാപിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം |

പരിഹരിക്കുന്നതിനായി മറയൂർ, കാന്തല്ലൂർ എന്നീ റെയ്ഞ്ചുകളിൽ തദ്ദേശീയരും, ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജാഗ്രതാ സമിതികൾ രൂപികരിച്ചിട്ടുള്ളതും ആയത് പ്രവർത്തിച്ച വരുന്നതുമാണ്. കാടിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭിഷണിയാകുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് മടക്കി അയയ്ക്കുന്നതിനായി പ്രത്യേകം വന്യമൃഗനിരീക്ഷണ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള മനുഷ്യ വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കുന്നതിനായി സാൻഡൽ സ്റ്റൈക്കിംഗ് ഫോഴ്സ് കം റാപ്പിഡ് റെസ്പോണ്ട്സ് ടീം എന്ന ഒരു പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ട്. 20.07.2021 വരെയുള്ള കഴിഞ്ഞ അഞ്ച് വർഷത്തേയ്ക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി 575 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അയതിലേയ്ക്ക് 3926864/- രൂപ നഷ്ട പരിഹാരമായി അനുവദിച്ചിട്ടുള്ളതുമാണ്. 3. മാങ്കുളം ഡിവിഷൻ:- മാങ്കുളം ഡിവിഷൻറെ വിവിധ ഭാഗങ്ങളിലെ വനാതിർത്തികളിലായി നാളിതുവരെ ആകെ 32.40 കിലോ മീറ്റർ സൗരോർജവേലിയാണ് നിർമ്മിച്ചിട്ടുള്ളത്. ഇതിൽ 2018-19 വർഷത്തിൽ 1.4 കീ.മി ഉം, 2019-20 വർഷത്തിൽ 200 മീറ്റർ ഉം, 2020-21 വർഷത്തിൽ 17.1 മീറ്ററും ആണ് നിർമ്മിച്ചിട്ടുള്ളത്. നിലവിലുള്ള വേലികൾ 2018-19 വർഷത്തിൽ 3.200 കിലോ മീറ്റർ ഉം, 2019-20 വർഷത്തിൽ 2.5 കീ.മീറ്ററും, 2020-2021 വർഷത്തിൽ 1.65 കിലോ മീറ്ററും മെയ്ൻറനൻസ് നടത്തിയിട്ടുണ്ട്. വേലികൾ ഉപയോഗരഹിതമാകുന്നത് തടയാൻ കഴിഞ്ഞ വർഷം മുതൽ സൗരോർജ വേലി പരിപാലനത്തിന് ദിവസവേതന വാച്ചർമാരെ നിയോഗിച്ച് വേലിയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ പുതിയതായി ആനക്കുളം റെയ്ഞ്ചിലെ കവിതക്കാട് ഭാഗത്ത് 1 കി.മീ ഉം, മാങ്കുളം റെയ്ഞ്ചിലെ വിരിഞ്ഞപാറ ഭാഗത്ത് 1.5 കീ. മീറ്ററും പുതിയ സൗരോർജ വേലി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. നവീന ആശയമായ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് മാങ്കുളം ഡിവിഷനിൽ ആനക്കുളത്ത് 1.2 കീ മീറ്റർ നീളത്തിൽ നിർമ്മിച്ചിട്ടുള്ളതാണ്. കൂടാതെ വിവിധ പ്രദേശങ്ങളിലായി 1.618 കീ.മീ ട്രഞ്ചും പ്രവർത്തനക്ഷമമാണ്. കാട്ടുമൃഗങ്ങൾ ജനവാസമേഖലയിൽ ഇറങ്ങുന്ന വേളയിൽ പ്രദേശത്തെ നിവാസികളുടെ സഹകരണത്തോടെ ജീവനക്കാരും, വാച്ചർമാരും ചേർക്ക് മൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് അയക്കാറുണ്ട്. കൂടാതെ

| | | | |
|---|---|---|---|
| | | | മൃഗങ്ങൾക്ക് കാട്ടിനുള്ളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി വനത്തിനുള്ളിലെ കുളങ്ങളുടെയും, ചെക്ക് ഡാമുകളുടേയും നവീകരണം നടത്തി വരുന്നു. ഇത്തരത്തിൽ 2019-2020 വർഷത്തിൽ 2 കുളങ്ങളും 2 ചെക്ക് ഡാമുകളും 2020-2021 ൽ രണ്ട് ചെക്ക് ഡാമുകളും വൃത്തിയാക്കി ജലസംഭരണം ഉറപ്പാക്കിയിട്ടുണ്ട്. വന്യമൃഗങ്ങൾ മൂലം കൃഷി നാശം സംഭവിച്ച സംഭവങ്ങളിൽ കർഷകർക്ക് 2015-16 വർഷത്തിൽ 3,33,596 രൂപയും, 2016-2017 വർഷത്തിൽ 1,74,371 രൂപയും, 2017-18 വർഷത്തിൽ 5,69,279 രൂപയും, 2018-19 വർഷത്തിൽ 17,09,880 രൂപയും, 2019-20 വർഷത്തിൽ 1,50,649 രൂപയും 2020-21 വർഷത്തിൽ 16,96,856 രൂപയും 2021-2022 വർഷത്തിൽ നാളിതുവരെ 5,01,432 രൂപയും നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. 4. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ:- മൂന്നാർ വന്യജീവി ഡിവിഷനു കീഴിൽ വരുന്ന സംരക്ഷിത പ്രദേശങ്ങളിലെ വനാതിർത്തിയോട് ചേർന്നു കിടക്കുന്ന വില്ലേജുകളിലും വനത്തിനുള്ളിലെ ആദിവാസി സെറ്റിൽമെൻറുകളിലും വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി സോളാർ പവർ ഫെൻസിംഗ്, എലിഫൻറ് പ്രൂഫ് ട്രെഞ്ച്, സ്റ്റോൺ വാൾ എന്നിവ നിർമ്മിച്ചിട്ടുള്ളതും ആയവ കാലാകാലങ്ങളിൽ പരിപാലിച്ചു വരുന്നതുമാണ്. ജീവനക്കാരുടെയും വാച്ചർമാരുടെയും ഇ.ഡി.സി അംഗങ്ങളുടെയും സഹകരണത്തോടെ വനാതിർത്തികളിൽ പട്രോളിംഗ് നടത്തി പ്രശ്നകാരികളായ വന്യമൃഗങ്ങളെ കാട്ടിലേക്ക് മടക്കി അയയ്ക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യജീവികൾക്ക് കാട്ടിൽ വെള്ളം ലഭ്യമാക്കാൻ നിലവിലുള്ള കുളങ്ങൾ, ചെക്ക് ഡാം എന്നിവ അറ്റകുറ്റപ്പണി നടത്തുകയും ചെയ്തിട്ടുണ്ട്. വന്യജീവികൾക്ക് കുടിവെള്ളം നൽകുന്നതിലേയ്ക്ക് ചിന്നാർ വന്യജീവി സാങ്കേതത്തിൽ കൂടുതൽ ജലദൗർലഭ്യം നേരിടുന്ന ഭാഗങ്ങളിൽ കുളങ്ങൾ, ചെക്ക് ഡാം എന്നിവയിൽ വാഹനങ്ങളിൽ ജലം എത്തിച്ചു വരുന്നുണ്ട്. കൂടാതെ നാട്ടിലിറങ്ങുന്ന ആനകളുടെ സഞ്ചാരം തദ്ദേശവാസികളെ എസ്.എം.എസ് വഴി അറിയിക്കുന്നതിന് മൂന്നാറിലെ വിവിധ പ്രദേശങ്ങളിൽ എലഫൻറ് അലർട്ട് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം മൂലം മരണം, പരിക്ക്, കൃഷിനാശം എന്നിവ സംഭവിച്ചവർക്ക് 2016-17 മുതൽ 2020-21 വരെ വർഷം 23,33,475/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ